## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2771** **06/11/2019-ലെ മറുപടിക്ക്**

## അപ്പർച്ചട്ട മൂന്നാർ, പട്ടിശ്ശേരി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ)ദേവികുളം മണ്ഡലത്തിലെ അപ്പർച്ചട്ട മൂന്നാർ, പട്ടിശ്ശേരി എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | എ) അപ്പർചട്ട മൂന്നാർ പദ്ധതിയ്ക്ക് വേണ്ടി വിശദമായ കോണ്ടൂർ സർവ്വേ പൂർത്തീകരിച്ച് ആവശ്യമായ സ്ഥലത്തിന് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കാൻ വേണ്ട ശിപാർശ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. മണ്ണ് പര്യവേഷണ ജോലികൾക്കുള്ള ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 24.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ച് വരുന്നു. പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്നു. നിലവിലെ പദ്ധതി അനുസരിച്ച് 2021 ൽ പണി പൂർത്തീകരിക്കാൻ കഴിയും. |
| (ബി)പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഒരു സമയക്രമം തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ; | ബി) സമയക്രമം തയ്യാറാക്കിയിട്ടുണ്ട്. |
| (സി)പ്രസ്തുത പദ്ധതികളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും അവ എപ്പോൾ പൂർത്തിയാക്കുവാനാകുമെന്നും വ്യക്തമാക്കാമോ? | സി) അപ്പർചട്ട മൂന്നാർ, പട്ടിശ്ശേരി എന്നീ പദ്ധതികളിലെ അവശേഷിക്കുന്ന പ്രവൃത്തികളും അവ പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്ന സമയക്രമവും അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| പട്ടിശ്ശേരി ഡാമിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ | | | പൂർത്തീകരിക്കാൻ നിശ്ചയിച്ചിരിക്കുന്ന സമയക്രമം |
|---|---|---|---|
| 1 | ബ്ലോക്ക് 1,2 എന്നിവയുടെ ഗ്യാലറി ഫ്ലോർ ലെവൽ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ | - | 2019 നവംബർ |
| 2 | ബ്ലോക്ക് 1,2 എന്നിവയുടെ കനാൽ ഔട്ട് ലെറ്റ് വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ | - | 2020 മാർച്ച് |
| 3 | ഡാം ടോപ്പിലുള്ള ഡെക്ക് സ്ലാബ് വരെയുള്ള നിർമ്മാണം | - | 2021 ജനവരി |
| 4 | മണ്ണ് അണയുടെ നിർമ്മാണങ്ങൾ | - | 2021 ഫെബ്രുവരി |
| 5 | ഹോയിസ്റ്റിംഗ് പ്ലാറ്റ് ഫോമിന്റെ സിവിൽ പണികളും ഡാം ടോപ്പ് റോഡിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങളും | - | 2021 മാർച്ച് |

## അപ്പർച്ചട്ട മൂന്നാർ പദ്ധതി

| | | | |
|---|---|---|---|
| 1 | മണ്ണ് പര്യവേഷണ ജോലികൾ | - | 120 -ാം ദിവസം (അനുമതി ലഭിച്ച ശേഷം) |
| 2 | ജിയോളജിക്കൽ റിപ്പോർട്ട് , ഡിസൈൻ | - | 90 ദിവസം |
| 3 | എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുക | - | 90 ദിവസം |
| 4 | പദ്ധതി പൂർത്തീകരണം | - | 2 വർഷം (ടെണ്ടർ നടപടികൾക്ക് ശേഷം) |